(ബി) എങ്കിൽ ഡി. പി. സി. അടിയന്തിരമായി കൂടുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.
(ബി) സ്വീകരിച്ചുവരുന്നു.

ടൂറിസം വികസനം

59. [1841] ശ്രീ. എ. സി. ഷൺമുഖദാസ് :
,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം വികസനത്തിനുവേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എന്ത് തുക കടമെടുത്തു എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെൻറ് മേശപ്പുറത്ത് വയ്ക്കാമോ ;

(സി) ടൂറിസ്റ്റുകളായി വരുന്ന വിദേശ വനിതകൾ ലൈംഗികമായി പീഡിപ്പിക്കപ്പെട്ട സംഭവങ്ങൾ ടൂറിസം വികസനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ. ടി. ഡി. സി. കടം എടുത്തിട്ടുണ്ട്.
(ബി)

	വായ്പ നൽകിയ ധനകാര്യ സ്ഥാപനം	നൽകിയ വർഷം	നൽകിയ തുക ലക്ഷം രൂ.
1.	സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ	1982	125.00
2.	ബാങ്ക് ഓഫ് മഹാരാഷ്ട്ര	1992	14.33
3.	ആന്ധ്രാ ബാങ്ക്	1995	20.00
4.	കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ	1995	85.00
5.	കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ	1995	116.00
6.	ബാങ്ക് ഓഫ് മഹാരാഷ്ട്ര	1995	20.00

(സി, ഡി) ഇത്തരത്തിൽപ്പെട്ട ചില ഒറ്റപ്പെട്ട സംഭവങ്ങൾ ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകൾക്ക് സംരക്ഷണം ഏർപ്പെടുത്തുന്നതിനായി ടൂറിസ്റ്റ് പോലീസ് സംവിധാനം വ്യാപിപ്പിക്കുന്നതാണ്. അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇത്തരത്തിലുള്ള ഏർപ്പാടുകൾ ഇപ്പോഴുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly